# Regional Agricultural Research Station, Ambalavayal

Kerala Agricultural University, Ambalavayal, Wayanad - 673 593

മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ, വയനാട് 673593

Phone: 04936 260421, web: www.kau.edu, email: rarsamb@kau.in


നമ്പർ.ഇ. 4310/2022(34) തീയതി. 14.11.2022

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഈ കേന്ദ്രത്തിൽവെച്ച് **2023 ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള **" പൂപ്പൊലി 2023 "** യുടെ ഭാഗമായി ഒരു താൽക്കാലിക **"തെയ്യം"** ശിൽപം (Theyyam Art work) നിർമ്മിച്ചു തരുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

**"തെയ്യം ശിൽപ്പം (Theyyam Art work) നിർമ്മിച്ചു തരുന്നതിനുള്ള ടെൻഡർ നിർദ്ദേശങ്ങൾ**

തെയ്യം ശില്പം : ഉയരം 20 ft, വീതി - 20 ft,

**മാതൃക:** - ടെൻഡർ നോട്ടീസിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- വിശദവിവരങ്ങൾക്കായി ഓഫീസിൽ നേരിട്ട് എത്തിയോ അല്ലെങ്കിൽ ഫോൺ നമ്പരിൽ ബന്ധപ്പെട്ടോ അറിയാവുന്നതാണ് ഫോൺ നമ്പർ: 04936 260 421, 260 561

| Sl.No | Materials to be used | |
|---|---|---|
| 1 | Chicken mesh | 2 roll |
| 2 | 8 mm concrete steel rod- 250 No | 800Kg |
| 3 | 1" Ankle iron -6mm | 10 No |
| 4 | Poly form sheet | 2 budle |
| 5 | Fevicol gum | 15 Lit. |
| 6 | Jute bag/sheet | 200Kg |
| 7 | Welding rod | 15 Packet |
| 8 | Cloth (Red and Yello) | 150 m |
| | Miscellaneous items like plastic flower etc. | |

- മേൽ സൂചിപ്പിച്ച വസ്തുക്കൾ ഉപയോഗിച്ച് താൽക്കാലിക **"തെയ്യം"** ശിൽപം തയ്യാറാക്കി പെയിന്റ് ചെയ്ത് **നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിച്ച് തരുന്നതിനുള്ള** ആകെ കൂലി ആണ് ടെൻഡറിൽ കാണിക്കേണ്ടത്. (ശിൽപം നിർമ്മിക്കുന്നതിനുള്ള സാധങ്ങളുടെ വിലയും, പണിക്കൂലിയും ഉൾപ്പെടെയുള്ള തുക)

ടെൻഡർ **<u>സംബന്ധിച്ച മറ്റു വിവരങ്ങൾ</u>**

ടെൻഡർ കവറിനുപുറത്ത് എഴുതേണ്ടത്

**<u>തെയ്യത്തിന്റെ ശിൽപ്പം നിർമ്മിച്ചു തരുന്നതിനുള്ള</u>** ടെൻഡർ

| | | |
|---|---|---|
| ടെൻഡർ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം | : | **30.11.2022, 11.00 am** |
| ടെൻഡർ തുറക്കുന്ന തിയതി, സമയം | : | **30.**11.2022, 11.30 am |
| നിരതദ്രവ്യം (EMD) | : | 400/- രൂപ + 18% ജി.എസ്.ടി |
| ടെൻഡർ വില | : | 2000/- രൂപ (രണ്ടായിരം രൂപ) |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : | 10000/- (പതിനായിരം രൂപ്) |

ടെൻഡർ അയയ്ക്കേണ്ട വിലാസം :

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
അമ്പലവയൽ, വയനാട്

ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും, സെക്യൂരിറ്റി ഡെപ്പോസിറ്റിനും അംഗീകൃത ബാങ്കുകളുടെ ഡിമാൻഡ് ഡ്രാഫ്റ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാടിന്റെ പേരിൽ SBI കൊളഗപ്പാറ ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളാകണം അയയ്ക്കേണ്ടത്. **ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും പ്രത്യേകം ഡ്രാഫ്റ്റുകൾ നൽകണം.**

**<u>പൊതു നിബന്ധനകൾ:</u>**

നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല. ടെൻഡറുകൾ കാർഷിക സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന ഫോമിൽ തന്നെ തയ്യാറാക്കി 200/- രൂപയുടെ സ്റ്റാമ്പ് പേപ്പർ എഗ്രിമെന്റ് സഹിതം നിശ്ചിത സമയത്ത് നൽകേണ്ടതാണ് ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ടെൻഡറുകാരെ മാത്രം ഉൾപ്പെടുത്തി അന്നേദിവസം ആവശ്യമെങ്കിൽ ലേലം നടത്തുന്നതാണ്. എറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ /ലേലം തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ /ലേലം സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ടെൻഡർ ലേലം ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ അനുസരിച്ച് സമയബന്ധിതമായി താൽക്കാലിക **"തെയ്യം" ശിൽപം** പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ടെൻഡർ /ലേലം ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്. ടെൻഡറുകൾ സമർപ്പിക്കുന്നവർ ടെൻഡർ നടക്കുന്ന വേളയിൽ പേര്, ഒപ്പ്, മേൽവിലാസം, പാൻ/ടിൻ നമ്പർ എന്നിവ ടെൻഡറിൽ എഴുതിയിരിക്കണം. ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും വർദ്ധിപ്പിക്കുന്നതല്ല. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്. ടെൻഡർ തുടങ്ങുന്ന ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ **11.30 am** ന് ടെൻഡർ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്)
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്

പകർപ്പ്:- :വില്ലേജ്ഓഫീസ്/കൃഷിഭവൻ/കെ.വി.കെ/അമ്പലവയൽ ഗ്രാമ പഞ്ചായത്ത് / കെ.എ.യു. വെബ്സൈറ്റ്
വിതരണത്തിന്